6. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഹാജിറ എന്ന യുവതിയുടെ തിരോധാനം

ശ്രീ. പി. ശങ്കരൻ: എന്റെ നിയോജകമണ്ഡലമായ കൊയിലാണ്ടിയിലെ പയ്യോളിയിൽ മേലേകതിരാറ്റിയിൽ ഹാജിറ എന്ന യുവതിയുടെ തിരോധാനവും അവരുടെ രണ്ട് കുട്ടികളുടെ ദുരൂഹ സാഹചര്യത്തിലുണ്ടായിട്ടുള്ള മരണവുമാണ് വിഷയം. ഇതിന്റെ പിന്നിൽ അന്തർസംസ്ഥാന ബന്ധമുള്ള മയക്കുമരുന്നു റാക്കറ്റിന്റെയും സെക്സ് റാക്കറ്റിന്റെയും കൈകളുള്ളതായി സംശയിക്കുന്നു. കേരള, കർണ്ണാടക, മഹാരാഷ്ട്ര പോലീസുകാർ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തിവരികയാണ്. ഈ വിഷയത്തിന്റെ ഗൗരവവും വ്യാപ്തിയും സങ്കീർണ്ണതകളും കണക്കിലെടുത്ത് അന്തർസംസ്ഥാന ബന്ധമുള്ളതായതുകൊണ്ട് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഇന്ന് രാവിലെയാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അതുകൊണ്ടുതന്നെ വിശദമായ അന്വേഷണം നടത്താൻ സാധിച്ചില്ല. പക്ഷേ, നടന്ന സംഭവം വളരെ ഗൗരവമുള്ളതാണ്. സ്ത്രീയും രണ്ടു കുട്ടികളും അപ്രത്യക്ഷരാവുകയും രണ്ടു കുട്ടികളുടെ മരണം സംഭവിക്കുകയും അതുകഴിഞ്ഞ് സ്ത്രീ തിരിച്ചു വരുകയും ചെയ്തു. അത് പോലീസ് അന്വേഷിക്കും. അതിന് മറ്റ് സ്റ്റേറ്റുകളുമായി ബന്ധമുണ്ടെങ്കിൽ അവിടെ പോലീസ് അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിക്കാനും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും വേണ്ട നടപടികൾ സ്വീകരിക്കും. സി.ബി.ഐ. അന്വേഷണം ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളത് ഇപ്പോൾ പറയാൻ സാധിക്കില്ല. സംസ്ഥാന പോലീസിന്റെ നിയന്ത്രണത്തിനതീതമായിട്ടല്ലെങ്കിൽ, മറ്റ് സംസ്ഥാനങ്ങളിൽ നടന്ന കുറ്റകൃത്യമാണെങ്കിൽ അക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

7. തണ്ണീർമുക്കം-ആലപ്പുഴ റോഡിന്റെ ശോച്യാവസ്ഥ

ഡോക്ടർ തോമസ് ഐസക്: സംസ്ഥാന ടൂറിസം വികസനത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനം ഇന്ന് കൊച്ചി-തേക്കടി-ആലപ്പുഴ ത്രികോണത്തിനുണ്ട്. അതുകൊണ്ട് സർക്കാർ ഈ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എന്നാൽ ഇതുവരെ അവഗണിക്കപ്പെട്ടിരുന്ന പ്രധാനപ്പെട്ട റോഡാണ് ആലപ്പുഴ-തണ്ണീർമുക്കം റോഡ്. നെടുമ്പാശ്ശേരിയിൽനിന്നും തേക്കടിയിലേയ്ക്കുള്ള പുതിയ പാതയിലെ പ്രധാനപ്പെട്ട ലിങ്ക് റോഡാണ്. എന്നാൽ യാതൊരു വീതിയില്ല, കലുങ്കുകൾക്ക് ബലക്ഷയമുണ്ട്. മുഹമ്മ ജംഗ്ഷനിൽ ഗതാഗതക്കുരുക്കാണ്. ടൂറിസം വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ റോഡിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ടൂറിസവും ദേവസ്വവും വകുപ്പു മന്ത്രി നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ആലപ്പുഴ-തണ്ണീർമുക്കം റോഡ് വളരെ പ്രധാനപ്പെട്ട റോഡാണ്. കുമരകം പോലെ പ്രാധാന്യമുള്ള പ്രദേശത്തേയ്ക്കും തേക്കടിയിലേയ്ക്കുള്ള യാത്രയ്ക്കും ഉപയോഗിക്കുന്ന റോഡാണ്. ഈ റോഡ് സംസ്ഥാന പാതയുടെ നിലവാരത്തിലേയ്ക്കാക്കുന്നതിനായി 11.35 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി 9-2-2005-ലെ ജി. ഒ.(ആർടി.) നമ്പർ ഉത്തരവ് പ്രകാരം ആ പദ്ധതി നബാർഡിന്റെ ആർ. ഐ. ഡി. എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന് അനുമതി നൽകേണ്ടത് നബാർഡാണ്. ഇത് നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത്, നബാർഡിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

8. കിളിമാനൂർ-ശബരിമല ബൈപ്പാസിന്റെ പുനരുദ്ധാരണ നടപടി

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, തെക്കേ ഇൻഡ്യയിലെ ഏറ്റവും പ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേയ്ക്ക് കേരളത്തിന്റെ തെക്കൻ ജില്ലകളിൽനിന്നും തമിഴ്നാടിന്റെ തെക്കൻ ജില്ലകളിൽനിന്നും എത്തുന്ന യാത്രക്കാർക്ക് കൊട്ടാരക്കര, അടൂർ, പത്തനംതിട്ട എന്നീ ടൗണുകളിൽ പ്രവേശിക്കാതെ ശബരിമലയിലേക്കു പോകുന്നതിന് ഒരു ബൈ പാസ്സ് നബാർഡിന്റെ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുമെന്ന് ശ്രീ. എ. കെ. ആന്റണി ഗവണ്മെന്റിലെ ടൂറിസം വകുപ്പുമന്ത്രിയായിരുന്ന പ്രൊഫസർ കെ. വി. തോമസ് പ്രഖ്യാപിക്കുകയും അതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുകയും ചെയ്തു. കിളിമാനൂർ-ശബരിമല ബൈ പാസ്സ് റോഡ് വാളകത്ത് തുടങ്ങി കുന്നിക്കോട്, പത്തനംതിട്ട, അവണീശ്വരം റെയിൽവേ ഗേറ്റ് അടക്കമുള്ള 15 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് അനുമതി നൽകിയിരുന്നു. രണ്ടു കോടി രൂപയുടെ പണി അവിടെ നടത്തുന്നതിന് എ.എസ്. നൽകി. ഡിസൈൻ തയ്യാറാക്കി. അതിന്റെ ടെണ്ടർ 50 ലക്ഷം രൂപയ്ക്ക് മരാമത്തുവകുപ്പിന് കൈമാറി. അതിനുശേഷം ടെണ്ടർ വിളിക്കാൻ നടപടികൾ തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തു. മന്ത്രിമാരുടെ യോഗങ്ങൾ വിളിച്ചിരുന്നു. അടുത്ത സമയത്ത് ഇതിന്റെ പണി ഫണ്ടിന്റെ കുറവുമൂലം നിർത്തിയിരിക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി അനുവദിച്ചുതന്ന ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് എത്രയുംവേഗം ഇതിന് പണം അനുവദിക്കാനും എത്രയുംവേഗം പണികൾ തുടങ്ങാനും പൂർത്തിയാക്കാനുമുള്ള സന്മനസ്സ് കാണിക്കണം. തീർത്ഥാടകരേയും എന്നേയും എന്റെ നാട്ടുകാരേയും പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): പൊതുമരാമത്തു വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ പ്രപ്പോസലിന്റെ അടിസ്ഥാനത്തിൽ 25-10-2002-ലെ ജി. ഒ. (ആർ. ടി.) 252/2002 ഉത്തരവുപ്രകാരം കിളിമാനൂർ-ശബരിമല ബൈപാസ്സ് റോഡിന്റെ നവീകരണത്തിനായി രണ്ടു കോടി രൂപയുടെ പദ്ധതിക്ക് ടൂറിസം വകുപ്പ് ഭരണാനുമതി നൽകുകയുണ്ടായി. ഇതനുസരിച്ച് ടൂറിസം ഡിപ്പാർട്ടുമെന്റ് 45.13 ലക്ഷം രൂപ പൊതുമരാമത്തുവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നിക്ഷേപിക്കുകയും ചെയ്തു. പിന്നീട് 8-7-2003-ൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly